**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 202** **12-01-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ മെട്രോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർ മെട്രോ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർമെട്രോ നടപ്പിലാക്കിവരുന്ന താഴെപ്പറയുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പരിസ്ഥിതി സംബന്ധമായ ക്ലിയറൻസ് ലഭിച്ചു. 100 paxന്റെ 23 ബോട്ടുകൾക്കായുള്ള നിർമ്മാണത്തിന് കൊച്ചിൻ ഷിപ്പ് യാർഡിനെ കരാർ ഏൽപ്പിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ആദ്യ ബോട്ടിന്റെ ലോഞ്ചിംഗ് ഫെബ്രുവരി പകുതിയോടെ നടക്കും. ഇതിനോടനുബന്ധിച്ച് ഫ്ളോട്ടിംഗ് ജെട്ടികളുടെ നിർമ്മാണത്തിനായി കരാർ നൽകുകയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ജലഗതാഗതത്തിനാവശ്യമായ ആഴം കൂട്ടുന്നതിനായി ഡ്രെഡ്ജിംഗ് കോൺട്രാക്ട് അവാർഡ് ചെയ്തു. ജെട്ടി ലൊക്കേഷനുകളിൽ ഡ്രെഡ്ജിംഗ് പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 16 ടെർമിനലുകളുടെ ടെൻഡറിംഗ് പ്രോസസ്സ് പുരോഗമിച്ചു വരുന്നു. സ്വകാര്യസ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഇവയിൽ തൃപ്പൂണിത്തുറ മണ്ഡലവുമായി ബന്ധപ്പെട്ടവയുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | തൃപ്പൂണിത്തുറ മണ്ഡലവുമായി ബന്ധപ്പെട്ട് 4 ടെർമിനലുകളാണ് ഉള്ളത്. ഏരൂർ: ഏരൂർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. കുമ്പളം: കുമ്പളം ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. നെട്ടൂർ: സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. ഇടക്കൊച്ചി: സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ